LIBRARY ARCHIVES Kerala Legislative Assembly

ഗാർഡൻ സ്ഥാപിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പുരാവസ്തുവകുപ്പ് കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിന്റെ സമഗ്ര വികസന പ്രവൃത്തികൾ നടത്തിവരുന്നു. മേൽ പദ്ധതിയുടെ അടങ്കൽ 337.41 ലക്ഷം രൂപയാണ്. നാളിതുവരെ കേന്ദ്ര സർക്കാർ വിഹിതമായി 195.72 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 42.19 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മ്യൂസിയം പുന:സജ്ജീകരണ പ്രവൃത്തികൾ സർക്കാർ നോഡൽ ഏജൻസിയായ ഇന്ദിരാഗാന്ധി മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരള മ്യൂസിയം) വഴി നടന്നുവരുന്നു.

ചാലക്കുടി ട്രാംവേ റെയിൽ പൈതൃക മ്യൂസിയം

373(983) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് 29-9-2020-ലെ സ.ഉ.(സാധാ) നമ്പർ 374/2020/ സാം.കാ.വ. ഉത്തരവുപ്രകാരം ഒരു കോടി നാൽപ്പത്തിരണ്ടു ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ, മ്യൂസിയം സജ്ജീകരണം എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾക്ക് 9-4-2021-ൽ കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ, മ്യൂസിയം സജ്ജീകരണം എന്നീ രണ്ടുഘടകങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

(സി) മ്യൂസിയം നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ ജലസേചന വകുപ്പിന്റെ കൈവശമുള്ള കെട്ടിടവും സ്ഥലവും കേരള പുരാവസ്തുവകുപ്പിന് മ്യൂസിയം സജ്ജീകരിക്കുന്നതിലേക്ക് വിട്ടുനൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതുപൂർത്തിയായാൽ ഉടൻതന്നെ മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ ആരംഭിക്കുന്നതാണ്.